Page 1 of 2

ക്ഷീരവികസന വകുപ്പ് ചെയ്യാറുള്ളത്. മായം ചേർക്കൽ നിരോധന നിയമ പ്രകാരം ശിക്ഷാ നടപടികൾ കൈക്കൊള്ളേണ്ടത് ആരോഗ്യ വകുപ്പാണ്. തദനുസരണമായി ഹൂഡ് സേഫ്റ്റി കമ്മിഷണർ പാലിൽ മായം ചേർക്കുന്നവർക്കെതിരെയും നിലവാരം കുറഞ്ഞ പാൽ വിൽപ്പന നടത്തുന്നവർക്കെതിരെയും മായം ചേർക്കൽ നിരോധന നിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം 2007-08 വർഷത്തിൽ 15 പേർക്കെതിരെയും 2008-09 വർഷത്തിൽ 5 പേർക്കെതിരെയും 2009-10 വർഷത്തിൽ 10 പേർക്കെതിരെയും ക്രിമിനൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

വല്ലാർപാടം പദ്ധതി

11 (*311) ശ്രീ. എം. എം. മോനായി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സാജു പോൾ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തു നൽകിയിട്ടുണ്ട് ;

(സി) വല്ലാർപാടം പദ്ധതിമൂലം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ എന്തെല്ലാം പുരോഗതി ഉണ്ടാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) പദ്ധതിമൂലം ഉണ്ടാകുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിവിധ വകുപ്പുകളുമായി സഹകരിച്ച് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ) ഈ പദ്ധതിയുടെ ഭാഗമായി കിടപ്പാടം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. പുനരധിവാസ പാക്കേജിനർഹരായിട്ടുള്ള 297 കുടുംബങ്ങൾക്കും പാക്കേജിന്റെയും ബഹുമാനപ്പെട്ട കോടതി വിധികളുടെയും അടിസ്ഥാനത്തിൽ അർഹത അനുസരിച്ച് 4 മുതൽ 6 സെന്റ് വരെ ഭൂമി വാസയോഗ്യമാക്കി നൽകിയിട്ടുള്ളതാണ്. ഇതിൽ കടമക്കുടി വില്ലേജ് പുനരധിവാസത്തിന് അർഹമായിട്ടുള്ള 51 കുടുംബങ്ങളിൽ മൂവാറ്റുപുഴയിൽ തന്നെ പുനരധിവാസം നൽകിയ 11 കുടുംബങ്ങളും ഉൾപ്പെടുന്നു. ഈ ഇനത്തിൽ 297 കുടുംബങ്ങൾക്കായി 6.5 കോടി രൂപ സർക്കാരിന് ചെലവ് വന്നിട്ടുള്ളതും മൂവാറ്റുപുഴയിൽ ഉള്ള 11 കുടുംബങ്ങൾക്ക് മാത്രമായി 74.1 ലക്ഷം രൂപ ചെലവ് വന്നിട്ടുള്ളതാണ്. ഇത് ഒരു കുടുംബത്തിന് ഏകദേശം 6.73 ലക്ഷം രൂപ കണക്ക് വരുന്നുണ്ട്. കൂടാതെ സ്പെഷ്യൽ റീഹാബിലിറ്റേഷൻ പാക്കേജ് ഇനത്തിൽ 3.86 കോടി രൂപ അർഹതയനുസരിച്ച് പുനരധിവസിക്കപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

മേൽപ്പറഞ്ഞ തുകകൾ കണക്കിലെടുക്കുമ്പോൾ വല്ലാർപാടം പുനരധിവാസ പാക്കേജ് പ്രകാരം ഒരു കുടുംബത്തിന് ഏകദേശം 4.25 ലക്ഷം രൂപ വീതം സർക്കാർ ഇതുവരെ ചെലവ് ചെയ്തിട്ടുള്ളതാണെന്ന് കാണാവുന്നതാണ്. ഈ തുക സർക്കാർ നൽകിയ പുനരധിവാസ ഭൂമിയുടെ വില ഉൾപ്പെടുത്താതെയുള്ള തുകയാണ്. പുനരധിവാസ ഭൂമിക്ക് 2007-ലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള സഥല വില കണക്കാക്കുകയാണെങ്കിൽ ഒരു കുടുംബത്തിന് ഏകദേശം 9,50,000 രൂപയോളം സഥലവിലയായി മാത്രം സർക്കാരിന് ബാധ്യത വന്നിട്ടുള്ളതും മൊത്തം ബാധ്യത 28.28 കോടി രൂപയോളം ആയിട്ടുള്ളതുമാണ്. ഈ ബാധ്യത കൂടി കണക്കിലെടുക്കുമ്പോൾ വല്ലാർപാടം പുനരധിവാസ പദ്ധതിക്കായി ഒരു കുടുംബത്തിന് ഏകദേശം 13.75 ലക്ഷം രൂപയോളം (അവർക്ക് DLPC നിരക്ക് പ്രകാരം കിട്ടിയിട്ടുള്ള ഭൂമി വില ഉൾപ്പെടാതെ) സർക്കാരിന് ബാധ്യത വന്നിട്ടുള്ളതാണ്.

(ബി) റോഡ് കണക്ടിവിറ്റിക്കായി 46.3604 ഹെക്ടർ ഭൂമി നാഷണൽ ഹൈവേ അധികൃതർക്കും റെയിൽ കണക്ടിവിറ്റിക്കായി 4.3076 ഹെക്ടർ ഭൂമി ആർ. വി. എൻ. എൽ.-നും കൈമാറിക്കഴിഞ്ഞു.

(സി & ഡി) കേരളത്തിന്റെ സുപ്രധാന വികസന പദ്ധതികളിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് വല്ലാർപാടം കണ്ടയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി. കൊച്ചിയുടെ വികസനം മാത്രമല്ല കേരള സംസ്ഥാനത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്ന പദ്ധതിയാണിത്. മൊത്തത്തിൽ 7500-ഓളം കോടി രൂപ മുതൽമുടക്കുള്ള ഈ പദ്ധതി കൊച്ചിയുടെ സമഗ്ര വികസനം ലാക്കാക്കുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടെ പ്രതിവർഷം 1,500 മുതൽ 2,000 കോടി രൂപവരെ വരുമാന വർദ്ധനവ് കൊച്ചി തുറമുഖത്തിനുണ്ടാകും. കൊച്ചി തുറമുഖത്തിന്റെ അപര്യാപ്തത കാരണം ഇപ്പോൾ വിദേശ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകൾ കൊച്ചിയിൽ തന്നെ കൈകാര്യം ചെയ്യാൻ കഴിയും. ഓരോ കണ്ടയ്നറിൻമേലും 150 ഡോളർ മുതൽ 200 ഡോളർ വരെ ലാഭം വ്യാപാര മേഖലക്കുണ്ടാകും എന്നാണ് കണക്ക് കൂട്ടുന്നത്. പദ്ധതിമൂലം ഉണ്ടാകുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ടു നടത്തുന്ന പദ്ധതികൾ

12 (*312) ശ്രീ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ടു നടത്തുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly